# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1373 03/12/2018-ൽ മറുപടിക്ക്

## തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ നടപടി

| ചോദ്യം<br>**ശ്രീ.വി. കെ. സി. മമ്മത് കോയ** | | മറുപടി<br>**പ്രൊഫ. സി. രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഡി.പി.ഐ. ഓഫീസിൽ അധ്യാപകരുടെയും ജീവനക്കാരുടെയും വിവിധ ആവശ്യങ്ങൾ സംബന്ധിച്ച ഫയലുകൾ തീരുമാനമാകാതെ മാസങ്ങളോളം കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഈ ഓഫീസ് കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിലും ഫയൽ നീക്കം കൃത്യമായി നടക്കുന്നില്ല എന്ന കുറവ് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | ബി) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 2018 ഏപ്രിൽ 3 മുതൽ ഇ-ഓഫീസ് ഫയൽ മാനേജ്മെന്റ് സംവിധാനം ഭാഗികമായി (21 സെക്ഷനുകളിൽ) നിലവിൽ വന്നു. ഈ സാമ്പത്തിക വർഷത്തിൽതന്നെ ബാക്കിയുള്ള സെക്ഷനുകളിൽ കൂടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ പൂർത്തീകരിച്ചുവരികയാണ്. പ്രസ്തുത സംവിധാനത്തിൽ പ്രവർത്തിക്കുന്ന സെക്ഷനുകളിൽ കമ്പ്യൂട്ടർ പരിജ്ഞാനം ഇല്ലാത്ത ജീവനക്കാർക്ക് തുടക്കത്തിൽ കുറച്ച് ബുദ്ധിമുട്ട് അനുഭവപ്പെട്ടെങ്കിലും നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഇ-ഓഫീസ് പ്രകാരം സെക്ഷനുകളിൽ നൽകേണ്ട തപാലുകളെല്ലാം തന്നെ നിലവിൽ കാലതാമസം കൂടാതെ നൽകിവരുന്നു. എല്ലാ മാസങ്ങളിലും ഐ.ടി. മിഷൻ തയ്യാറാക്കി അയച്ചുതരുന്ന ഇ-ഓഫീസ് പെർഫോമൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംവിധാനത്തിന്റെ കാര്യക്ഷമത വിലയിരുത്തി പോരായ്മകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| സി) | ദീർഘകാലമായി തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ഫയൽ അദാലത്ത് സംഘടിപ്പിച്ച് നടപടി സ്വീകരിക്കുമോ? | സി) | ഫയൽ അദാലത്തുകൾ ജില്ലകളിൽ സംഘടിപ്പിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലറുകളിലൂടെ ഡി.പി.ഐ. നൽകിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ